13 ാം കേരള നിയമസഭ
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 649**

2..12..2014 - ൽ മറുപടിക്ക്

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം<br>ശ്രീ. കെ.കെ. ജയചന്ദ്രൻ | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര: നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര; | (എ) | ആഡിറ്റഡ്/ ആഡിറ്റ് പൂർത്തിയാക്കാത്ത കണക്കുകൾ പ്രകാരം സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2013-14 കാലയളവിൽ 15 സ്ഥാപനങ്ങൾ ലാഭത്തിലും 29 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചു. |
| (ബി) | ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മൊത്തം ലാഭം എത്ര; നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ മൊത്തം നഷ്ടം എത്ര; | (ബി) | ഇതുപ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ മൊത്തം ലാഭം 108.15 കോടി രൂപയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ മൊത്തം നഷ്ടം 146.96 കോടി രൂപയും ആണ്. |
| (സി) | അടച്ചുപൂട്ടിയ പൊതുമേഖലാസ്ഥാപനങ്ങൾ ഏതൊക്കെയാണ്; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാ വ്യവസായസ്ഥാപനങ്ങൾ ഒന്നും അടച്ചുപൂട്ടിയിട്ടില്ല. |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ എത്ര എന്നും മുൻ സർക്കാരിന്റെ കാലത്ത് പ്രവർത്തനം ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ എത്ര എന്നും വെളിപ്പെടുത്താമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതുതായി പൊതു മേഖലാ വ്യവസായ സ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഒൻപതു യൂണിറ്റുകൾ ആരംഭിച്ചതിൽ 6 സ്ഥാപനങ്ങൾ വ്യവസായികാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചു. |

Manu
സെക്ഷൻ ഓഫീസർ